# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-30




**ഗവ. എച്ച്.എസ്സ്. എസ്സ്.പുലിയൂർ**

**ചെങ്ങന്നൂർ സബ് ജില്ല**

**മാവേലിക്കര വിദ്യാഭ്യാസ ജില്ല**

**ആലപ്പുഴ ജില്ല**

# ഉള്ളടക്കം


| | |
|---|---|
| അദ്ധ്യായം 1 | ആമുഖം |
| അദ്ധ്യായം 2 | സ്കൂൾ ചരിത്രം |
| അദ്ധ്യായം 3 | സ്കൂൾ മികവിന്റെ കാഴ്ചപ്പാട് |
| അദ്ധ്യായം 4 | നിലവിലെ അവസ്ഥാ വിശകലനം |
| അദ്ധ്യായം 5 | പ്രശ്നങ്ങൾ വെല്ലുവിളികൾ |
| അദ്ധ്യായം 6 | പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ |
| അദ്ധ്യായം 7 | മികവിനായി ഏറ്റെടുക്കൻ ഉദ്ദേശിക്കുന്ന പദ്ധതികൾ<br>ഒറ്റ നോട്ടത്തിൽ<br>സങ്കലിത വിദ്യാഭ്യാസം<br>പദ്ധതി വിശദാംശങ്ങൾ ( അക്കാദമികം, ഭൗതികം, സാമൂഹികം)<br>പ്രതീക്ഷിത നേട്ടങ്ങൾ<br>മോണിട്ടറിംഗ്<br>ഉപസംഹാരം |

# അദ്ധ്യായം 1

## ആമുഖം

കേരള സർക്കാർ നടപ്പിലാക്കി വരുന്ന വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും സമഗ്ര ഗുണമേന്മാ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം വിഭാവനം ചെയ്യുന്നു. പഠനപ്രക്രിയയിലൂടെ കുട്ടികൾക്ക് കിട്ടുന്ന അറിവിനെ സാമൂഹിക ജീവിതവുമായി ബന്ധപ്പെടുത്തുക, അറിവിന്റെ വിവിധ മേഖലകൾ സ്വായത്തമാക്കാൻ അവസരം ഒരുക്കുക. നിരന്തര മൂല്യ നിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും പ്രവർത്താനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്സ് റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

### പൊതുവായ ലക്ഷ്യങ്ങൾ

* 1 മുതൽ 12 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടികൾ ആർജ്ജിക്കേണ്ട ശേഷികളും നൈപുണികളും ഓരോ കുട്ടിയുടെയും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർ ഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക
* അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ വിദ്യാലയത്തിൽ ഉറപ്പാക്കുക.
* ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ മെച്ചപ്പെടുത്തുക.
* ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
* കലാ- കായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിനാവശ്യമായഎല്ലാ

സൗകര്യങ്ങളും ഒരുക്കുക.

* പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശിൽപ്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ പഠനപിന്തുണ ലഭ്യമാക്കി മുഖ്യധാരയിൽ എത്തിക്കുക.
* സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ മെച്ചപ്പെടുത്തി പഠന പ്രക്രിയയുടെ ഭാഗമാക്കുക.
* കാർഷിക സംസ്കാരം , മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചുള്ള അവബോധം എന്നിവ പുതിയ തലമുറയിൽ വളർത്തുക.
* ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പുതിയ തലമുറയിൽ തടയുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
* പ്ലാസ്റ്റിക് മുക്ത ഹരിതാഭമായ ക്യാമ്പസുകൾ സൃഷ്ടിക്കുക ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ഉൾക്കൊണ്ട് ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ നടപ്പാക്കുക.
* ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക
* തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിനുള്ള അവസരം ഒരുക്കുക.
* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പാക്കുക
* സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുക

# അധ്യായം 2

# സ്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽപ്പെട്ട പുലിയൂർ ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കന്ററി വിദ്യാലയമാണ് പുലിയൂർ ഗവ.ഹയർസെക്കന്ററി സ്കൂൾ . പാണ്ഡവരുടെ വനവാസക്കാലത്ത് ഭീമനാൽ പ്രതിഷ്ഠിതമായെന്ന് കരുതപ്പെടുന്ന തൃപ്പുലിയൂർ മഹാവിഷ്ണു ക്ഷേത്രത്തിന് സമീപമാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1917 ൽ എൽ പി സ്കൂളായി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം 1953 ൽ യു പി സ്കൂളായും 1980 ൽ ഹൈസ്കൂളായും 2015 ൽ ഹയർസെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ടു. 2017 ൽ SMC യുടെ നേതൃത്വത്തിൽ പ്രീ പ്രൈമറിയും ആരംഭിച്ചു. പുലിയൂരിലും പരിസര പ്രദേശങ്ങളിലുമുള്ള നിരവധി തലമുറകൾക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്ന ഈ വിദ്യാലയം ശതാബ്ദി പിന്നിട്ടിരിക്കുകയാണ്.

1917 ൽ സ്കൂൾ പ്രവർത്തനം തുടങ്ങിയപ്പോൾ പുലിയൂർ വാത്തിലേത്ത് ആറ്റാശ്ശേരിൽ, നമ്പ്യാമല കുടുംബങ്ങൾ നൽകിയ 3 ഏക്കർ സ്ഥലമാണ് സ്കൂളിനുള്ളത്. 1980 ൽ ഹൈസ്കൂളായി ഉയർത്തിയപ്പോൾ സമീപത്തുള്ള താമരച്ചാൽ എന്ന ജലായശയത്തിന്റെ കര പ്രദേശമാണ് സ്കൂളിന്റെ കളി സ്ഥലമായി കാണിച്ചിരുന്നത് എങ്കിലും ആ സ്ഥലമ ഇന്നും ഉപയോഗ്യയോഗ്യമാക്കിയിട്ടില്ല.

സമൂഹത്തിന്റെ മുഖ്യധാരയിലെത്തിയ ധാരാളം പൂർവ്വ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിനുണ്ട്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏതാനും പേരുടെ വിവരങ്ങൾ താഴെ പറയുന്നു.

**ഡോ. കെ. രാഘവൻപിള്ള** - കേരള സർവ്വകലാശാലയിലെ മുൻ ഉദ്യോഗസ്ഥൻ

**പ്രൊഫ : വർഗ്ഗീസ് ഇട്ടിയവര** - ആലുവ യു സി കോളേജ് മുൻ പ്രൊഫസർ

**ഡോ . എൻ .ആർ. ഗോപിനാഥൻപിള്ള** - യൂണിവേഴ്സിറ്റി മുൻ റീഡർ

| | |
|---|---|
| **പ്രൊഫ : നാരായണൻ നമ്പൂതിരി** | - എഞ്ചിനീയറിംഗ് കോളേജ് മുൻ പ്രൊഫസർ |
| **പ്രൊഫ : വാസുദേവൻ നമ്പൂതിരി** | - റ്റി .കെ..എം. എഞ്ചിനീയറിംഗ് കോളേജ് മുൻ  പ്രൊഫസർ |
| **പ്രൊഫ : ശാന്തകുമാരി** | -മഹാരാജാസ് കോളേജ് മുൻ പ്രൊഫസർ |
| **പ്രൊഫ : രത്നകുമാരി** | - എൻ എസ്സ് എസ്സ് ഹിന്ദു കോളേജ് ചങ്ങനാശ്ശേരി മുൻ പ്രൊഫസർ |
| **ഡോ. എ ആർ പരമേശ്വരൻ** | - ഐെയ്യാറയിൽ പുലിയൂർ |
| **ഡോ. ജോൺ** | - പുത്തൻപുരയിൽ പുലിയൂർ |
| **പുലിയൂർ ബ്രഹ്മശ്രീ പുരുഷോത്തമൻ നമ്പൂതിരി** | - ജ്യോതിഷൻ |
| **പുലിയൂർ രവീന്ദ്രൻ** | - കവി, നാടക രചയിതാവ് സാഹിത്യമണ്ഡലം അവാർഡ് ജേതാവ്, ജോസഫ് മുണ്ടശ്ശേരി അവാർഡ് ജേതാവ്(1997) |
| **എൻ ഗോപാലകൃഷ്ണക്കുറുപ്പ്** | - എൻ എസ് എസ് കോളേജ് ഒറ്റപ്പാലം മുൻ പ്രിൻസിപ്പൽ |
| **ഡോ. എൻ എൻ നമ്പൂതിരി** | - മുൻ ഗവ കോളേജ് പ്രഫസർ |
| **ശ്രീ  ജോജി ചെറിയാൻ** | - മുൻ ആലപ്പുഴ ജില്ലാ   പഞ്ചായത്ത് അംഗം, രാഷ്ട്രീയ പ്രവർത്തകൻ |
| **ശ്രീ കൈലാസ് നാഥ്** | - നാടക, ചലച്ചിത്ര പ്രവർത്തകൻ സിനിമ, ടി വി നടൻ |
| **അഡ്വ. ഡി വിജയകുമാർ** | - രാഷ്ട്രീയ, സാമൂഹിക പ്രവർത്തകൻ അഭിഭാഷകൻ |

**ശ്രീ. ദാമോദരൻ** - റിട്ട. മാനേജർ ഫെഡറൽ ബാങ്ക്
പുലിയൂർ

**അഡ്വ. ഡി നാഗേഷ് കുമാർ** - അഭിഭാഷകൻ ,
മുൻ പഞ്ചായത്തംഗം,
മുൻ എസ് എം സി ചെയർമാൻ

**സ്കൂളിന്റെ മുൻ പ്രധാന അധ്യാപകരിൽ ചിലർ**

**ശ്രീമതി കെ.കെ സുശീലാമ്മ, ശ്രീമതി ആലീസ് ജോർജ്ജ്, ശ്രീ ഗോപാലകൃഷ്ണൻ ചെട്ടിയാർ, ശ്രീ ഡി സ്റ്റീഫൻ, ശ്രീമതി എ സൗദാമിനി, ശ്രീ എ അരവിന്ദാക്ഷൻ നായർ , ശ്രീമതി സുജാതകുമാരി,ശ്രീമതി വത്സലകുമാരിയമ്മ**

**ചെങ്ങന്നൂർ എം എൽ എ ആയിരുന്ന ശ്രീ പി സി വിഷ്ണുനാഥിന്റെ ശ്രമഫലമായി വിഷൻ 2009 പദ്ധതിയിൽ ഒരു കോടി രൂപ ചെലവഴിച്ച് മൂന്ന് പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി നിർമ്മിച്ച ഇരു നില കെട്ടിടത്തിലാണ് പ്രധാന ക്ലാസ്സുകൾ നടക്കുന്നത്.**

**മന്ത്രി ശ്രീ സജിചെറിയാന്റെ വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ച് പഴയ കെട്ടിടം പൊളിച്ചുമാറ്റി 5 ക്ലാസ്സ് മുറികളുള്ള കെട്ടിടത്തിൽ യു പി വിഭാഗവും പ്രീ പ്രൈമറിയും പ്രവർത്തിക്കുന്നു.**

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ ഹയർ സെക്കന്ററി സ്കൂൾ, പുലിയൂർ |
| വിലാസം | :പുലിയൂർ പി ഒ , ചെങ്ങന്നൂർ, ആലപ്പുഴ |
| ഫോൺ നമ്പർ | :0479-2361105 |
| ഇ മെയിൽ | :ghspuliyoor@gmail.com |
| ആൺകുട്ടികൾ/പെൺകുട്ടികൾ/ രണ്ടും കൂടിയുള്ളത് | :രണ്ടും കൂടിയുള്ളത് |
| സ്ഥാപിച്ച വർഷം | : 1917 |
| റൂറൽ/ അർബൻ | : റൂറൽ |
| സ്കൂൾ കോഡ് എച്ച് എസ് | : 36064 |
| സ്കൂൾ കോഡ് എച്ച് എസ് എസ് | : 4110 |
| യു ഡയസ് കോഡ് | : 32110300803 |
| വിദ്യാഭ്യാസ ഉപജില്ല | : ചെങ്ങന്നൂർ |
| വിദ്യാഭ്യാസ ജില്ല | : മാവേലിക്കര |
| റവന്യൂ ജില്ല | : ആലപ്പുഴ |
| ബി ആർ സി | : ചെങ്ങന്നൂർ |
| സി ആർ സി | : പേരിശ്ശേരി |
| ഗ്രാമ പഞ്ചായത്ത് | : പുലിയൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : ചെങ്ങന്നൂർ |
| ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : ചെങ്ങന്നൂർ |
| ലോക് സഭാ മണ്ഡലം | : മാവേലിക്കര |
| താലൂക്ക് | : ചെങ്ങന്നൂർ |
| വില്ലേജ് | : പുലിയൂർ |

## അദ്ധ്യായം 3

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

വരുന്ന 5 വർഷത്തിനുള്ളിൽ ഈ വിദ്യാലയത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്വപ്ന പദ്ധതികളുടെ ഒരു രൂപരേഖ ഞങ്ങൾ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു

* 1 മുതൽ 12 വരെയുള്ള ക്ലാസ്സിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന എല്ലാ പഠന നേട്ടങ്ങളും അന്താരാഷ്ട്രനിലവാരത്തോട് കടപിടിക്കും വിധം ആർജ്ജിക്കാൻ അവസരം ഒരുക്കുക.
* പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവുമാകുന്ന വിധത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുക.
* പ്രീ പ്രൈമറി, എൽ പി വിഭാഗങ്ങൾക്ക് പ്രത്യേക ബ്ലോക്കുകൾ അതിൽ കുട്ടികളുടെ പാർക്ക് , വിശ്രമമുറികൾ, സന്ദർശകമുറി എന്നിവ ഉൾപ്പെടുത്തുക.
* ലൈബ്രറി, ലാബ് എന്നിവ ആധുനികവൽക്കരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കുക.
* സ്വയംപഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്ന തരത്തിൽ ഹൈടെക് ക്ലാസ്സ് മുറി എന്നിവ ഉൾപ്പെടുത്തുക.
* എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ക്രമീകരിക്കുക.
* സ്കൂളിന്റെ കളിസ്ഥലം സ്വാർത്ഥകമാക്കുക.
* സ്കൂളിൽ തിളപ്പിച്ചാറ്റിയ കുടിവെള്ളം കുട്ടികൾക്ക് നൽകാനുള്ള ക്രമീകരണങ്ങൾ വിപുലപ്പെടുത്തുക. ജലദൗർലഭ്യം ഒഴിവാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
* ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയത്തിൽ ഒരുക്കുക.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കത്തക്കവിധം സ്കൂൾ കാർഷിക ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക.
* മാലിന്യ നിർമ്മാജ്ജനത്തെക്കുറിച്ച് കുട്ടികളിൽ അവബോധം

ജനിപ്പിക്കത്തക്കവിധം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

* സമ്പൂർണ്ണ ശുചിത്വ പ്ലാസ്റ്റിക് മുക്ത പരിസ്ഥിതി സൗഹൃദ ക്യാമ്പസ് ആക്കി മാറ്റുക. ശൗചാലയ സമുച്ചയം നവീകരിക്കുക.
* ജൈവ -ഖര മാലിന്യ സംസ്കരണത്തെക്കുറിച്ച് കുട്ടികളെകൊണ്ട് പൊതുസമൂഹത്തെ ബോധവൽക്കരിക്കുക., പരിസ്ഥിതി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സ്കൂൾ ക്യാമ്പസിന്റെ പുറത്തേക്കും വ്യാപിപ്പിക്കുക. ഹരിത വിദ്യാലയ പദ്ധതി നടപ്പിലാക്കുക.
* സമ്പൂർണ്ണ ശുചിത്വ പ്ലാസ്റ്റിക് മുക്ത പരിസ്ഥിതി സൗഹൃദ ക്യാമ്പസ്സ് ആക്കി മാറ്റുക .
* ലഹരി വിരുദ്ധ ക്യാമ്പസായി പ്രഖ്യാപിക്കുക.
* കലാ കായിക പ്രവർത്തി പരിചയമികവിന് അധ്യാപകർ ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കുക.
* ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മുഴുവൻ സമയ റിസോഴ്സ് അധ്യാപകരെ ലഭ്യമാക്കുക. ഈ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുക.
* പഠനയാത്രകൾ, പഠനക്യാമ്പുകൾ , വിദഗ്ധരുടെ ക്ലാസ്സുകൾ സെമിനാറുകൾ തുടങ്ങിയ പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
* കുട്ടികൾക്കും രക്ഷിതാക്കൾക്കും വ്യക്തിപരവും കുടുംബപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
* പത്താം ക്ലാസ്സ് കഴിഞ്ഞിറങ്ങുന്ന കുട്ടികൾ മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
* ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ആകർഷകമാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
* വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

## അധ്യായം 4

# നിലവിലെ അവസ്ഥാ വിശകലനം

അക്കാദമികമായി മികച്ച നിലവാരത്തിലേക്ക് എത്തിച്ചേരാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷമായി എസ് .എസ്. എൽ. സി പരീക്ഷയിൽ 100% വിജയം കൈവരിക്കുവാൻ സാധിച്ചു എന്നത് എടുത്തു പറയേണ്ട ഒരു നേട്ടമാണ്.

മത്സരപ്പരീക്ഷകളിലും കലാ കായിക രംഗങ്ങളിലും നമ്മുടെ കുട്ടികൾ മികവു പുലർത്തിവരുന്നു.

മൂന്നേക്കർ സ്ഥലമാണ് ഈ വിദ്യാലയത്തിനുള്ളത്. എന്നാൽ കളിസ്ഥലത്തിന്റെ കുറവ് വലിയൊരു പ്രശ്നമാണ്. സ്കൂളിന്റേതായുള്ള താമര ചാലിനോട് ചേർന്ന ഒന്നര ഏക്കർ സ്ഥലം ഏറ്റെടുത്താൽ ഈപ്രശ്നത്തിന് ഒരു വിധത്തിൽ പരിഹാരമാകും.

ഇവിടെ പ്രീ പ്രൈമറി മുതൽ 12ാം ക്ലാസ്സു വരെ ഓരോ ഡിവിഷനാണുള്ളത്.

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 1 | 5 | 6 |
| 2 | 8 | 5 | 13 |
| 3 | 9 | 5 | 14 |
| 4 | 10 | 15 | 25 |
| 5 | 7 | 9 | 16 |
| 6 | 10 | 7 | 17 |
| 7 | 10 | 10 | 20 |
| 8 | 6 | 22 | 28 |
| 9 | 7 | 14 | 21 |
| 10 | 6 | 11 | 17 |
| 11 | 5 | 3 | 8 |
| 12 | 5 | 2 | 7 |

വിഷൻ 2009 ന്റെ ഭാഗമായി മുൻ എ പി ശ്രീ പി. സി. വിഷ്ണനാഥിന്റെ ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച ഇരു നില കെട്ടിടത്തിലും നിലവിലെ എം. എൽ. എ യും മന്ത്രിയുമായ ശ്രീ സജി ചെറിയാന്റെ ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച യു പി കെട്ടിടത്തിലുമായി പ്രീ പ്രൈമറി മുതൽ 12ാം ക്ലാസ്സ് വരെയുള്ള 13 ക്ലാസ്സുകളും സയൻസ് ലാബും പ്രവർത്തിക്കുന്നു. നിലവിൽ രണ്ടു ക്ലാസ്സ് മുറികളുടെ കുറവ് ഉണ്ട്.

കുട്ടികൾക്കും അധ്യാപകർക്കും ഓഫീസിനുമുള്ള ഫർണിച്ചറുകൾ അത്യാവശ്യത്തിനുണ്ട്. സ്കൂളിന്റെ സൗകര്യങ്ങൾ തന്നെയാണ് ഹയർ സെക്കന്ററിക്കും ഉപയോഗിക്കുന്നത്. ഹൈസ്കൂളിന്റെ കമ്പ്യൂട്ടർ ലാബ് തന്നെയാണ് ഹയർസെക്കന്ററിക്കും ഉപയോഗിക്കുന്നത്.

സ്കൂളിന്റെ ലൈബ്രറി സ്കൂളിലെ മലയാളം അധ്യാപികയുടെ നേതൃത്വത്തിൽ എല്ലാ കുട്ടികൾക്കും പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. ലൈബ്രറിയിൽ ഏകദേശം 7000 ത്തോളം പുസ്തകങ്ങൾ ഇപ്പോൾ ഉണ്ട്.

ഹെഡ്മിസ്ട്രസ്സും 20 അധ്യാപകരും 5 ഓഫീസ് സ്റ്റാഫും ഇപ്പോൾ ഈ വിദ്യാലയത്തിൽ ഉണ്ട്.

## അധ്യായം 5

# പ്രശ്നങ്ങൾ , വെല്ലുവിളികൾ

## ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത

ഹയർസെക്കന്ററിയ്ക്ക് വേണ്ട അടിസ്ഥാനസൗകര്യങ്ങൾ എല്ലാം തന്നെ ഉണ്ടാകണം. ഇപ്പോൾ ഒരു ബാച്ച് മാത്രം (കൊമേഴ്സ്) ആണ് ഉള്ളത്. ഹയർ സെക്കന്ററിയ്ക്ക് സ്ഥിരം പ്രിൻസിപ്പലോ സ്ഥിരം അധ്യാപകരോ ഇല്ല.

കലാകായിക പ്രവൃത്തി പരിചയ അധ്യാപകരില്ലാത്തത് ഒരു പോരായ്മയാണ്.

സ്കൂളിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്നവരായതുകൊണ്ട് രക്ഷിതാക്കളുടെ സഹായ സഹകരണങ്ങൾ കുറവാണ്.

പുറത്തുനിന്നുള്ള സാമൂഹിക വിരുദ്ധരുടെ ഉപദ്രവം സ്കൂളിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നു.

സയൻസ്, സോഷ്യൽ സയൻസ്, ഗണിതം എന്നിവയ്ക്ക് നവീകരിച്ച ലാബ് ഉണ്ടാകേണ്ടതാണ്.

സ്കൂളിൽ നിലവിലുള്ള കളിസ്ഥലം മെച്ചപ്പെടുത്തി എടുക്കേണ്ടതാണ്.

ലൈബ്രറിയിൽ ഒരു ഫുൾ ടൈം ലൈബ്രേറിയൻ ആവശ്യമാണ്.

## അധ്യായം 6

# പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. 11-07- 2025 ൽ പ്രഥമാധ്യാപികയുടെ അധ്യക്ഷതയിൽ കൂടിയ എസ്.ആർ. ജി യോഗത്തിൽ അക്കാദമിക് മാസ്റ്റർ പ്ലാനിനെക്കുറിച്ച് ചർച്ച നടത്തി. അക്കാദമികം, ഭൗതികം, സാമൂഹികം എന്നീ മേഖലയുമായി ബന്ധപ്പെടുത്തി എന്തെല്ലാം കാര്യങ്ങൾ ഉൾക്കോള്ളിക്കണമെന്ന് ആലോചിച്ച് തീരുമാനിച്ചു.
2. 17- 07-2025 ൽ അക്കാദമികമായ പ്രവർത്തനങ്ങൾവിഷയാടിസ്ഥാനത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കാൻ കൂടിയ എസ്. ആർ. ജി യോഗത്തിൽ അധ്യാപകരിൽ നിന്നും പ്രവർത്തനങ്ങൾ എഴുതി മേടിക്കാൻ എസ്. ആർ. ജി കൺവീനറെ ചുമതലപ്പെടുത്തി.
3. 25-07-2025 ൽ കൂടിയ എസ്.ആർ. ജി യോഗത്തിൽ പദ്ധതി രൂപരേഖ ചർച്ച ചെയ്തു. എസ്. എം. സി യുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടി.
4. എച്ച് എം, സീനിയർ ടീച്ചർ, എസ്. ആർ. ജി കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ കരട്പദ്ധതി രൂപരേഖ എഴുതി തയ്യാറാക്കി.
5. 30-7-2025 ൽ ചെങ്ങന്നൂർ ബി ആർ സിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തി.

## അദ്ധ്യായം 7

# മികവിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| .ഭാഷാശേഷി വികസനം<br>.പത്രവാർത്താ വായന<br>.ഗണിതശേഷി വികസനം<br>.ഇംഗ്ലീഷ് പഠന പരിപോഷണം<br>.ഹിന്ദി പഠന പരിപോഷണം<br>.ശാസ്ത്രാവബോധ വികസനം<br>.സാമൂഹ്യശാസ്ത്രാവബോധ വികസനം<br>.വായനാ പരിപോഷണം<br>.സാഹിത്യപോഷണ പരിപാടി<br>.പ്രവൃത്തി പരിചയ പഠനം<br>.പച്ചക്കറിത്തോട്ടം<br>.ശാസ്ത്രലാബ് നവീകരണം<br>.സാമൂഹ്യശാസ്ത്ര ലാബ് നവീകരണം<br>.ഗണിതലാബ്<br>.ഭാഷാലാബ്<br>.കായിക പഠനം | .കളിസ്ഥലം<br>.സ്മാർട്ട് ക്ലാസ്സ് റൂം<br>.മാലിന്യ സംസ്കരണം<br>.ശൗച്യാലയ സമുച്ചയം | എസ് എം സി ശക്തിപ്പെടുത്തൽ<br>.ക്ലാസ്സ് പി ടി എ സജീവമാക്കൽ<br>.കമ്പ്യൂട്ടർ പരിശീലനം<br>ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>.വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |

# പദ്ധതി വിശദാംശങ്ങൾ

## 1 അക്കാദമികം

**ഉപമേഖല - മാതൃഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മാതൃഭാഷയുടെ പ്രാധാന്യം വളർത്തിയെടുക്കുക<br>ആശയഗ്രഹണ വായന ഉറപ്പിക്കുക | പത്രവായന<br>അക്ഷരമുറ്റം<br>അക്ഷരം ഉറപ്പിക്കൽ<br>കഥപറച്ചിൽ മത്സരം<br>കവിത ചൊല്ലൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | |
| .ആശയം,ഈണം, താളം,എന്നിവ പരിഗണിച്ച് വരികൾ രചിക്കുന്നതിനും ചൊല്ലുന്നതിനുമുള്ള കഴിവ് നേടുക<br>.കഥാരചനകൾ നടത്താനുള്ള കഴിവ് .<br>.മാനവികതയെ അടിസ്ഥാനമാക്കിയുള്ള രചനകൾ | വിദ്യാരംഗം കലാ-സാഹിത്യ വേദിയുടെ രൂപീകരണത്തോടനുബന്ധിച്ച് ശില്പശാലകൾ സംഘടിപ്പിക്കൽ,<br>പ്രഭാഷണം തയ്യാറാക്കൽ<br>കഥാപാത്ര നിരൂപണം തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | |
| അക്ഷരം തെറ്റുകൂടാതെ എഴുതാനുള്ള കഴിവ്, സാമൂഹ്യബോധം വളർത്തുക ഴ്യക്തി വികസനം പരസ്പര സ്നേഹം മാനുഷിക മൂല്യങ്ങൾ ഉണർത്തുന്ന രചനകളിൽ ഏർപ്പെടുന്നു. | വായനാ സാമഗ്രികൾ നിർമ്മിക്കൽ, ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത ഉറപ്പിക്കുന്നു.<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പിക്കുന്നു.<br>സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | |

| | | | | |
|---|---|---|---|---|
| | സജ്ജീകരിക്കുന്നു.<br>വീട്ടു ലൈബ്രറി<br>രക്ഷിതാക്കളുടെ സഹായം<br>ഉറപ്പു വരുത്തൽ<br>വായിച്ച കഥയിൽ നിന്നും<br>സംഭാഷണം ഒരുക്കൽ,<br>നാടകം, സിനിമ, തിരക്കഥ<br>എന്നിവയുടെ പ്രവർ<br>ത്തനങ്ങളിൽ ഏർ<br>പ്പെടൽ.അഭിമുഖം നടത്തൽ | | | |
| സ്വന്തം ഭാഷയിൽ<br>അവതരിപ്പിക്കാനുള്ള<br>കഴിവ്.<br>സ്വതന്ത്രമായി സർ<br>ഗ്ഗാത്മക പ്രവർ<br>ത്തനങ്ങളിൽ ഏർ<br>പ്പടാനുള്ള അവസരം<br>ഒരുക്കുന്നു.<br>ഭാഷയുടെ വിവിധ<br>തലങ്ങളിൽ കുട്ടികളെ<br>ഏത്തിക്കുന്നതിനുള്ള<br>പ്രവർത്തനങ്ങൾ നൽ<br>കുന്നു. | വായനക്കുറിപ്പ്, ചിത്ര രചന,<br>ഉപന്യാസം, ക്വിസ്സ്<br>മത്സരങ്ങൾ, നാടൻ പാട്ട്,<br>കടങ്കഥ റോൾ പ്ലേ<br>തുടങ്ങിയവ ചെയ്യിക്കുന്നു.<br>വായനാദിനത്തോടനുബന്ധ<br>ിച്ച് അസംബ്ലിയിൽ<br>വായനയുടെ പ്രാധാന്യം<br>മനസ്സിലാക്കുന്നതിനായി<br>വിവിധ പ്രവർനങ്ങൾ<br>നടത്തുന്നു.<br>ലേഖനപ്രവർത്തനങ്ങളിൽ<br>ഏർപ്പെട്ട് മാഗസിനുകൾ<br>തയ്യാറാക്കാൻ അവസരം<br>നൽകുന്നു. | | അധ്യാപിക | |
| സർഗ്ഗാത്മകശേഷി വളർ<br>ത്തുന്നു. | ബഡ്ഡിംഗ് റൈറ്റേഴ്സ് ക്ലബ്ബ്<br>പ്രവർത്തനങ്ങൾ, വിവിധ<br>തരത്തിലുള്ള പതിപ്പ്<br>തയ്യാറാക്കൽ, വ്യക്തിഗത<br>നിരൂപണങ്ങൾ<br>തയ്യാറാക്കൽ | | അധ്യാപിക | |

| | | | | |
|---|---|---|---|---|
| സാംസ്കാരിക പൈതൃകവും തനിമയും വികസിക്കുന്നു. കേരളീയ കലകളെക്കുറിച്ച് അവബോധം ഉണ്ടാകുന്നു. | കേരളപ്പിറവി ദിനാഘോഷം, ക്വിസ്സ് ,പോസ്റ്റർ രചന, നാടൻ കലകളുടെ ആവിഷ്കാരം, അവയെ പരിചയപ്പെടൽ, ആട്ടക്കഥ സാഹിത്യം, രംഗകലകളുടെ പ്രാധാന്യം, കലാരൂപങ്ങളെ തിരിച്ചറിയൽ ലോക മാതൃഭാഷാ ദിനത്തോടനുബന്ധിച്ച് ഭാഷാ പ്രതിജ്ഞ, കേരള ഗാനം, ക്വിസ്സ്, പോസ്റ്റർ രചന, ഉപന്യാസ മത്സരം , അക്ഷരകേളി തുടങ്ങിയ പ്രവർത്തനങ്ങൾ നൽകി മാഗസിനുകൾ തയ്യാറാക്കുന്നു. | | | |
| വിവിധ പത്രങ്ങളുടെ വായന | സ്കൂളിൽ വരുത്തുന്ന വിവിധ പത്രങ്ങൾ വായിക്കുന്നതിന് അവസരം ഉണ്ടാക്കുന്നു. പത്രത്തിൽ നിന്നും ചോദ്യങ്ങൾ ചോദിച്ച് പത്രം വായിച്ചുവെന്ന് ഉറപ്പാക്കുന്നു. | | | |
| *നാടൻ പാട്ടുകൾ ചൊല്ലിയും സ്വയം താളം കണ്ടെത്തിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക *വായ്ത്താരി നിർ മ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക. *ഭാഷാ പ്രയോഗങ്ങളിൽ | **വായ്ത്താരി ചന്തം** *വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾ ക്കുന്നു. അവതരിപ്പിക്കുന്നു. **വായ്ത്താരി മേളം** *ശേഖരിച്ച വായ്ത്ത്താരികൾ പ്രഭാത സർഗ്ഗവേള ബാലസഭ എന്നിവയിൽ അവതരിപ്പിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| ഉചിതമായി ഉൾ പ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക<br>*സാഹിത്യ രചനകൾ (കവിത, വിവരണം) വായിച്ചും കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിക്കുക. | *വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ<br>*നാടൻ പാട്ട് ശില്പശാല<br>*പാവനാടക അവതരണം<br>**പഴഞ്ചൊൽ പൊലിമ**<br>* പഴഞ്ചൊൽ ശേഖരണം<br>**പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്കാരം.**<br>*ഒരു ദിനം ഒരു പഴഞ്ചൊല്ല് കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. ആശയം എഴുതിക്കുന്നു.<br>**റീഡേഴ്സ് തീയറ്റർ**<br>കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു.<br>*വായന അവസരം<br>*കഥാപാത്ര വിശകലനം<br>*കഥാപാത്രങ്ങളെ കണ്ടെത്തൽ.<br>ആരാണ് അവതാരകൻ<br>*അവതാരകൻ സംവദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ<br>*സ്ക്രിപ്റ്റ് രചന<br>*സ്ക്രിപ്റ്റ് വായന അവതരണം<br>**കടങ്കഥ**<br>*കടങ്കഥ മുന്നറിവ് പരിശോധന<br>*വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥകളുടെ | | | |

| | | | | |
|---|---|---|---|---|
| | ശേഖരണം<br>*കടങ്കഥ നിർമ്മാണം.<br>*കടങ്കഥാ പതിപ്പ് നിർ<br>മ്മാണം.<br>*വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം<br>*ചിത്ര ശേഖരണം ആൽബം<br>തയ്യാറാക്കൽ.<br>**കഥോത്സവം**<br>*നാട്ടുകഥകൾ ശേഖരണം<br>*നാട്ടുകഥകൾ അവതരണം<br>*കഥാപാത്ര ചിത്രീകരണം<br>*സ്വന്തം ആശയത്തിൽ<br>കഥാവതരണം.<br>*നാട്ടുകഥകൾ പറയുന്നു.<br>**നിഘണ്ടു പരിചയം**<br>മലയാള അക്ഷരങ്ങൾ<br>അകാരാദി ക്രമത്തിൽ<br>എഴുതുന്നു.നിർദ്ധിഷ്ട<br>വാക്കുകളുടെ അർത്ഥം<br>കണ്ടെത്തുന്നു. | | | |
| ആശയവ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുന്നു. | **കുട്ടി കേട്ട ഒരു കഥ പറയൽ**<br>അവധിക്കാല അനുഭവങ്ങൾ<br>പറയൽ "ഞാനും മൂന്നാം<br>ക്ലാസ്സിലേക്ക്"<br>*രക്ഷിതാക്കൾക്ക് മൂന്നാം<br>ക്ലാസ്സിൽ കുട്ടി നേടേണ്ട<br>ഭാഷാ ശേഷികളെ കുറിച്ചും<br>കുട്ടികൾക്ക് നൽകേണ്ട<br>പിന്തുണയെക്കുറിച്ചുമുള്ള<br>ബോധവൽക്കരണ ക്ലാസ്സ്.<br>*രക്ഷിതാക്കളുടെ | ജൂൺ | | |

| | | | | |
|---|---|---|---|---|
| | സഹായത്താൽ<br>അക്ഷരക്കാർഡുകൾ നിർ<br>മ്മിച്ച് നൽകുന്നു.<br>*വളരുന്ന മരം ഓരോ<br>കുട്ടിയും പഠിച്ച് അക്ഷരങ്ങൾ<br>ഇലയുടെ ആകൃതിയിൽ<br>മരത്തിൽ ഒട്ടിക്കുന്നു.<br>*നിശ്ചിത പദങ്ങൾ<br>ടെക്സ്റ്റിൽ നിന്നും<br>കണ്ടെത്തൽ.<br>*വീട്ടിലും ഒരു അക്ഷരമരം.<br>രക്ഷിതാക്കൾ, കുട്ടികൾ<br>എന്നിവർക്ക് വേണ്ടി<br>അക്ഷര ചിത്രങ്ങൾ<br>തയ്യാറാക്കുന്ന ശില്പശാല<br>നടത്തുന്നു.<br>തയ്യാറാക്കിയവയുടെ പ്രദർ<br>ശനം<br>അക്ഷര പൂരണം<br>(ചിത്രങ്ങൾ)<br>അക്ഷരക്കാർഡുകൾ നൽകി<br>വാക്യ നിർമ്മാണം.<br>**വളരുന്ന അക്ഷര**<br>**ലൈബ്രറി**<br>ഓരോ ആഴ്ചയിലും<br>അക്ഷരങ്ങൾ വീതം നൽ<br>കുന്നു.<br>അക്ഷരവുമായി ബന്ധപ്പെട്ട<br>ന്നിവയിൽ നിന്നും<br>കണ്ടെത്തി അക്ഷര<br>ലൈബ്രറിയിലേക്ക്<br>ഒട്ടിക്കുന്നു.<br>ഓണപ്പതിപ്പ്<br>* ചിത്രം നൽകി വായനാ<br>കാർഡ് നിർമ്മാണം. | ജൂലൈ<br><br><br><br><br><br><br><br><br><br><br>ആഗസ്റ്റ്<br><br><br><br><br><br><br><br><br><br>സെപ്റ്റംബർ<br><br><br><br><br><br><br><br><br><br><br>ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| | പദചങ്ങല പദങ്ങൾ ചേർ<br>ത്ത് വാക്യമാക്കൽ<br>ആഭരണം അണിയാം<br>ചിഹ്നങ്ങളും പദങ്ങളും നൽ<br>കിയ കാർഡ് നൽകി പദ<br>നിർമ്മാണം.<br>തെറ്റ് തിരുത്തൽ<br>* ചിത്ര വായന<br>ചിത്രം നോക്കി കഥ പറയാം<br>ഗ്രൂപ്പിൽ പറയുന്ന പദം<br>മറ്റുള്ളവർ കാർഡ് നോക്കി<br>പറയൽ<br>*കൂട്ട വായന<br>കുട്ടികൾ പരസ്പരം<br>സഹായിച്ച് വായിക്കുന്നു.<br>വായന ചങ്ങല , വായന<br>കാർഡ് നൽകൽ , ചിത്രം<br>നൽകി വിവരണം എഴുതൽ<br>*ചിത്രങ്ങളുടെ<br>സഹായത്തോടെ<br>അടിക്കുറിപ്പ് എഴുതൽ<br>വായനാകാർഡിൽ വരികൾ<br>കൂട്ടിച്ചേർക്കൽ<br>* കുഞ്ഞു വായന ഗുണപാഠ<br>കഥകൾ<br>ചിത്രങ്ങൾ നൽകുന്നു.<br>കൈയ്യെഴുത്ത് മാസിക<br>കഥ പൂർത്തിയാക്കൽ<br>*വായനക്കളരി<br>രക്ഷിതാക്കളും കുട്ടികളും<br>ചേർന്ന് വായനാകാർഡ്<br>നിർമ്മാണം<br>കഥാ രചന അവതരണം. | നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | | |

# English

## Objectives

* To encourage active listening and speaking skills.
* To develop an English atmosphere that the children are engaging.
* To expand vocabulary for improved communication and comprehensive.
* Ensure fluency in reading and writing.
* To equip students with effective written communication skills.
*To establish a solid understanding of language elements.
* To develop love for reading.
* To apply the language in day today life.

| Name | Description | Period | Charge | souce |
|---|---|---|---|---|
| English challenging | We can create an English atmosphere speak simple English,sentences frequently uses simple questions and lead to jokes prepare some story cards and short videos of its reading.<br>Shape them in whatsApp group, celebrate a day in a week as English day.<br>Paste some English words on walls,doors , shelf, benches, desks, tables etc<br>Make uses of some action songs and games also. | June to March | English Teacher | |
| English assembly | Listening - teachers talk<br>Speaking – Prayer, Pledge, News, Riddles, Dairy, Quotes, Readers theatre etc | June to March | English Teacher | |
| Speech bubbles | Give chances for filling speech bubbles eg. Issac and Delna gives more chances in the next coming units also | From June 2nd week | English Teacher | |
| Read and rejoice | Tells simple English stories with proper actions and voice modulation, Give more stories | Once in Week | English Teacher | |

| | | | | |
|---|---|---|---|---|
| | great values like brave unity honesty etc. | | | |
| Picture dairy | Experiences sharing writing diary with suitable pictures. | From the end of June to March | English Teacher | |
| Hai English (English Club) | Various club activities<br>Eg: readers theatre. | July to February | English Teacher | |
| My notice | Exhibits model notice leads to discussion and prepare school notices about major activities. | June last week | English Teacher | |
| Digi task | Teacher and students are calling each other phone thoughts and events in Englisg. | Frequenl y | English Teacher | |
| Picture Dictionary | At the end of each unit collect words, re-order them and create a picture dictionary. | At the end of each unit | English Teacher | |
| Description | Give different pictures to prepare a description (describing words are introducing occasionally) | July | English Teacher | |
| Riddles riddles | Teacher ask some riddles ediciting peculiarities of a riddle and riddle making as a group work. | July | English Teacher | |

# Hindi

**മേഖല :    ഭാഷാ പഠനം    ഉപമേഖല: ഹിന്ദി ഭാഷാ പഠനം**

ലക്ഷ്യങ്ങൾ

*എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

* ഹിന്ദി ഭാഷ ലളിതവും രസകരവും ആകർഷകവും ആയി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പുവരുത്തുക.

* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ**

**1** ഹിന്ദി തിരിച്ചറിയൽ കാർഡ്

**2** ഹിന്ദി പ്രശ്നോത്തരി

**3** ഹിന്ദി പ്രദർശന ബോർഡ്

**4** ഹിന്ദി നോട്ട് പുസ്തകം സമഗ്രവും ആകർഷവുമാക്കുക.

**5** ICT ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ.

**6** ഹിന്ദി ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കുക.

**7** ഹിന്ദി കൈയ്യെഴുത്ത് മാസിക

**8** ദിനാചരണങ്ങൾ ഹിന്ദിയിൽ.

**പ്രവർത്തന പദ്ധതി**

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | ഏജൻസി |
|---|---|---|---|---|
| ഹിന്ദി തിരിച്ചറിയൽ കാർഡ് | കുട്ടികൾക്ക് പേര് ,സ്കൂൾ , ക്ലാസ്സ് ഉൾപ്പെടുത്തിയ കാർഡ് (ഹിന്ദി പഠനത്തിന് മാത്രം) | ജൂൺ ജൂലൈ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |
| ഹിന്ദി ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കുക. | സ്കൂളിൽ ക്ലബ്ബ് രൂപീകരിക്കുന്നു. പ്രവർത്തനപദ്ധതി തയ്യാറാക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |
| ICT ഉപയോഗം കൂടുതൽ കാര്യക്ഷമമായി | പാഠഭാഗങ്ങൾ ICT സഹായത്തോടെ | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ഉപയോഗിക്കൽ. | ലളിതമാക്കുന്നു. | | | |
| ഹിന്ദി പ്രദർശന ബോർഡ് | ഹിന്ദി പ്രദർശന ബോർഡ് തയ്യാറാക്കി വയാക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |
| ദിനാചരണങ്ങൾ ഹിന്ദിയിൽ. | ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സ് റൂം പ്രവർ ത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് SRG |
| ഹിന്ദി പ്രശ്നോത്തരി | ഹിന്ദി സാഹിത്യം, പൊതുവിജ്ഞാനം എന്നിവ അടിസ്ഥാനമാക്കി ഹിന്ദി ക്വിസ്സ് നടത്തി വിജയികൾക്ക് ഹിന്ദി അസംബ്ലിയിൽ സമ്മാനം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |
| ഹിന്ദി നോട്ട് പുസ്തകം സമഗ്രവും ആകർ ഷവുമാക്കുക. | ഓരോ കുട്ടിയുടെയും നോട്ട് പുസ്തകം സമഗ്രവും ആകർ ഷകവുമാക്കുന്നു. രക്ഷിതാക്കൾ കുട്ടികളെ സഹായിക്കാൻ അറിയുകയും ചെയ്യുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | SRG |
| ഹിന്ദി കൈയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽ പ്പന്നങ്ങൾ ജനുവരി മാസത്തിൽ ഒരു മികച്ച കയ്യെഴുത്ത് മാസികയായി പൊതുവേദിയിൽ പ്രകാശനം ചെയ്യുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | SRG |

## BASIC SCIENCE

### പ്രവർത്തന പദ്ധതി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ബോധം വളർത്തുക | *സയൻസ് ലാബ് IT ലാബ് ഇവ നവീകരിക്കുന്നു.<br>*ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി<br>*ശാസ്ത്ര മാഗസിൻ പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | SMC |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ<br>*ഔഷധത്തോട്ട നിർമ്മാണം<br>*പച്ചക്കറിത്തോട്ട നിർമ്മാണം<br>*പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായി ബോധവൽക്കരണം നടത്തുക<br>*ക്ലാസ്സും പരിസരവും വൃത്തിയാക്കാൻ ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരണം | അക്കാദമിക വർഷം | Eco club, സ്കൂൾ സുരക്ഷാ ക്ലബ്ബ്, സയൻസ് ക്ലബ്ബ് | പഞ്ചായത്ത് കൃഷിഭവൻ,SMC |
| കൗതുകം ജിജ്ഞാസ, നിരീക്ഷണ പാടവം ഇവ പരിപോഷിപ്പിക്കുക. | *ലഘു പരീക്ഷണങ്ങൾ ഒറ്റയ്ക്കും കൂട്ടായും ചെയ്യാനുള്ള അവസരം നൽകുന്നു.<br>*പാഠഭാഗവുമായി ബന്ധപ്പെട്ട Videos, Audios, pictures ഇവയുടെ പ്രദർശനം<br>*വർഷാവസാനം മികവുത്സവം, പഠനോത്സവം ഇവ നടത്തി കുട്ടികൾ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും അവരുടെ കഴിവുകൾ അവതരിപ്പിക്കുകയും ചെയ്യുക | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ, സയൻസ് ക്ലബ്ബ് | |
| ആശയങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി ആർജ്ജിക്കുക | *ലഘു പ്രോജക്ടുകൾ നൽകി മികച്ചത് ശാസ്ത്രമേളയിൽ മത്സരത്തിനായി തയ്യാറാക്കുന്നു.<br>*സെമിനാർ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ മുതൽ ഒക്ടോബർ വരെ<br><br>അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | SMC |

| | | | | |
|---|---|---|---|---|
| നേരറിവ് നേടൽ | *ദിനാചരങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലി നടത്തുക<br>*പുത്തൻ കണ്ടെത്തലുകളും ശാസ്ത്രവിശേഷങ്ങളും അറിയാനും പങ്കുവെക്കാനുമായി മാസത്തിലൊരിക്കൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നോട്ടീസ് ബോർഡ് തയ്യാറാക്കുന്നു.<br>*സംസ്ഥാന ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ക്വിസ്സ്,പ്രോജക്റ്റ്, സെമിനാർ ഇവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.<br>*ശാസ്ത്രകാരന്മാരുമായി അഭിമുഖം സംഘടിപ്പിക്കുന്നു.<br>*ഫീൽഡ് ട്രിപ്പ്<br>*ഉല്ലാസയാത്ര<br>*ചെങ്ങന്നൂർ ഹാച്ചറി സന്ദർശനം<br>*ശാസ്ത്ര മേള സംഘടിപ്പിക്കുകയും മികച്ചവ മത്സരങ്ങൾക്കായി തെരെഞ്ഞെടുക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | SMC |
| അന്വേഷണാത്മക പഠനം | *വീട്ടിൽ ഒരു പരീക്ഷണ ശാല ഒരുക്കുന്നു.<br>*വാനനിരീക്ഷണത്തിനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സന്നദ്ധ സംഘടന | SMC |
| വിവര സാങ്കേതിക വിദ്യയിൽ പ്രാവീണ്യം | *ICT സാധ്യതകൾ പ്രയോജനപ്പെടുത്തി Videos, Clips എന്നിവ മുതിർന്ന കുട്ടികൾ ണറ്റ് കുട്ടികൾക്കായി പ്രദർശിപ്പിക്കുന്നു.<br>*Samagra portal ലെ learning room കുട്ടികൾ തന്നെ പരിചയപ്പെടുന്നു പ്രധാന പരിപാടികളുടെ promo video, documentation ഇവ കുട്ടികൾചെയ്യുന്നു. | അക്കാദമിക വർഷം | Staff | SMC |

## SOCIAL SCIENCE

### പ്രവർത്തന പദ്ധതി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *പഠിതാകക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രാവബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും :** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽക്കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| *ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം, മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ :** സ്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക തെരെഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| *സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്പ് :** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| *മതേതരത്വം,സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെവളരുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ :**സർവ്വേ, പ്രോജക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| *സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | | | | |
| *ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | **പട്ടുപാതയിലൂടെ :** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. അറ്റ്ലസ്സ് ,മാപ്പുകൾ, ഗ്ലോബ് എന്നിവ പരിതമാക്കുന്നു. | വർഷം മുഴവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| *കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | **മൈ സിനിമ റൂം :** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ , പ്രശ്ലോത്തരി , സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക , വീഡിയോ പ്രദർശനം പ്രൊജക്റ്റ് റൂം സിനിമ(ചരിത്ര സിനിമ) | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| *വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **ചരിത്ര കൊട്ടാരം** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## MATHEMATIS

### പ്രവർത്തന പദ്ധതി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയംധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത് സ് ക്വിസ്സ് | ആഴ്ചയിൽ ഒരു പീരീഡ് | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പാക്കുന്നു. | ഗണിത ശില്പശാല | ജൂൺ | ഗണിതാധ്യാപകൻ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു ക്ലാസ്സ് മുറിയിൽ ഗണിതലാബ് സജ്ജമാക്കി ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിതാധ്യാപകരും ഗണിത ക്ലബ്ബ് അംഗങ്ങളും | |
| ഗണിതം മധുരമാക്കൽ | ഗണിത പൂന്തോട്ടം ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പൂന്തോട്ടം സജ്ജമാക്കൽ | ഒറ്റത്തവണ | ഗണിതക്ലബ്ബ് | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്കിയകൾ, പോലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകൻ | |
| സംഘ ബോധം ഉണ്ടാക്കൽ | സംഘപഠനം | തുടപ്രവർത്തനങ്ങൾ | ഗണിതാധ്യാപകൻ | |
| അധ്യാപകർ കാലാനുസൃതമായുള്ള പ്രവർത്തനങ്ങൾ ചെയ്ത് ചെറിയ ക്ലാസ്സ് മുതലുള്ള | വിഷടസമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർ | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ, അധ്യാപകർ | |

| | | | | |
|---|---|---|---|---|
| തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | ത്തനത്തിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | | | |
| ഗണിത മത്സര വേദിയിലേക്ക്, മേളകളിൽ ഊർ ജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർ ത്തനങ്ങൾ മേച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകൻ, പി ടി എ | |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി ടി എ | എല്ലാ അധ്യാപകരും | | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസ രണം | SRG | |

## 2 ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | എൽ പി, പ്രീ പ്രൈമറി വിഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടം, അസംബ്ലി ഹാൾ ലബോറട്ടറി സമുച്ചയം | 5 വർഷത്തിനുള്ളിൽ | SMC LSG | സർക്കാർ |
| സുരക്ഷിതമായി സ്കൂൾ ക്യാമ്പസിന് സംരക്ഷണം | സ്കൂൾ ക്യാമ്പസിന്റെ സംരക്ഷണം<br>ഇടിഞ്ഞു നിൽക്കുന്ന മതിലുകൾ പുതുക്കിപ്പണിയുക. പുറകിലെ മതിലിന് ഗേറ്റ് പണിയുക. | 1 വർഷത്തിനുള്ളിൽ | SMC LSG | സർക്കാർ |
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | ആരോഗ്യ- കായിക വിദ്യാഭ്യാസം മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയും വിധം കളി സ്ഥലം നവീകരിക്കുക.<br>യോഗാ പരിശീലനത്തിന് പ്രത്യേക മുറി ഒരുക്കുക. വിവിധ തരത്തിലുള്ള കലകൾ പരിശീലിപ്പിക്കാനായി അധ്യാപകരെ ഏർപ്പെടുത്തുക. | 2 വർഷത്തിനുള്ളിൽ | SMC LSG | MLA ഫണ്ട് |
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | മാലിന്യ സംസ്കരണം ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കുക. | 1 വർഷം | LSG | |
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | ബയോഗ്യാസ് പ്ലാൻ വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചക ആവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തുക. | 6 മാസം | SMC ഉച്ചഭക്ഷണ കമ്മറ്റി | |

| | | | | |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജസ്രോതസുകളെ ഉപയോഗപ്പെടുത്തൽ | സൗരോർജ്ജ പാനൽ<br>സ്കൂൾ കെട്ടിടത്തിന്റെ മുകളിൽ സൗരോജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 1 വർഷം | SMC | ജില്ലാ പഞ്ചായത്ത് |
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | ഓഫീസ് ഡിജിറ്റലൈസേഷൻ<br>വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ ,അറ്റന്റൻസ് രജിസ്റ്റർ, റ്റി സി രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കുക. | 2 വർഷം | HM, Clerk SRG convener | |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | പച്ചക്കറിത്തോട്ടം<br>വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | കാർഷിക ക്ലബ്ബ് SMC | |
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | ജൈവവൈവിധ്യ പാർക്ക്<br>സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | SMC SRG | |

## 3 സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി സംഗമം<br>വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കുക.അവരുടെ മുമ്പിൽ | വർഷത്തിൽ ഒരിക്കൽ | **SMC, OSA** | **Sponsership** |
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പ്രാദേശിക പി ടി എ യോഗങ്ങൾ<br>ഭവന സന്ദർശനം<br>വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് പി ടി എ യോഗങ്ങൾ ചേരുക. അധ്യാപകരും എസ് എം സി അംഗങ്ങളും കുട്ടികളുടെ വീടുകൾ സന്ദർശിക്കുക. | വർഷത്തിൽ ഒരിക്കൽ | **SMC Staff council** | **Staff fund SMC** |
| വിദ്യാലയ വിഭവങ്ങൾ സമൂഹമായി പങ്കുവയ്ക്കൽ. | വായനാക്കൂട്ടം<br>വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ നാട്ടിലെ വായനാ തൽ പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകുക. | ആവശ്യാനുസരണം. | **Librarian** | |
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | മികവുകളുടെ അവതരണം<br>വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ ക്രമീകരിക്കുക. ഓരോ ടേമിലും ഒന്നു വീതം അര ദിവസം നീണ്ടു നിൽക്കുന്ന മികവുകളുടെ അവതരണം രക്ഷിതാക്കൾക്ക് മുന്നിൽ നടത്തുക. | ഓരോ ടേമിലും ഒന്നു വീതം | **SMC SRG Teachers** | |
| പുസ്തക സമാഹരണം ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ജന്മദിനത്തിനൊരു പുസ്തകം<br>ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുക. കുടുംബാംഗങ്ങളെയും ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കുക. | എല്ലാ ജന്മദിനങ്ങളിലും | **Class Teacher Class Leader** | |

| | | | | |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കു വയ്ക്കുക | സ്കൂൾ കലണ്ടർ<br>വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക കലണ്ടർ അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകൽ. | വർ ഷത്തിൽ ഒരിക്കൽ | SRG<br>SMC | |

## മോണിട്ടറിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോദിക്കുകയും പ്രവർത്തനങ്ങളുടെ ക്രമം നിശ്ചയിക്കുകയും വേണം . തുടർന്ന് വാർഷിക കലണ്ടർ തയ്യാറാക്കണം . ആ വർഷം നടക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിക്കണം. വാർഷിക കലണ്ടറിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ചേർത്ത് പ്രതിമാസ കലണ്ടർ തയ്യാറാക്കണം . ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് രീതി സ്കൂൾ തലം മുതൽ നടത്തണം . എസ്.എം.സി , എം.പി.റ്റി.എ , എസ്സ്. എസ്സ. ജി, എസേ.ആർ.ജി , എന്നിവരെ ഉൾ പ്പെടുത്തി സ്കൂൾ മോണിട്ടറിംഗ് നടത്താം. ദൈനംദിന മോണിട്ടറിംഗ് പ്രഥമാധ്യാപികയുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

5 വർഷത്തേക്കുള്ള ഒരു വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുമുള്ള ഹ്രസ്വകാല , മദ്ധ്യകാല മുഴവൻ വർഷവും ചെയ്യാവുന്ന പ്രവർത്തനങ്ങൾ ചുമതലപ്പെട്ടവർ ഏറ്റെടുത്ത് നടത്തണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലും പ്രാദേശികവും കാലികവുമായ മാറ്റങ്ങളും ഉദ്ദേശിക്കുന്നു. 5 വർഷംകൊണ്ട് ഈ വിദ്യാലയത്തെ എല്ലാ തലത്തിലും ലോക നിലവാരത്തിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ഏവരുടെയും സഹായവും സഹകരണവും പ്രതീക്ഷിക്കുന്നു.